**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ :5077**

**27.06.2019 ൽ**
**മറുപടിക്ക്**

## പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. ഹരീന്ദ്രൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ കാലയളവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് അറിയിക്കാമോ: | എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ പോലീസ് സ്റ്റേഷനുകളിൽ അവശ സൗഹൃദ ടോയ് ലെറ്റുകളും റാംപുകളും നിർമ്മിക്കുക , പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ-ശിശു സൗഹൃദ റിസപ്ഷൻ/റസ്റ്റ് റൂമുകൾ സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് എന്നിവ നിർമ്മിക്കുക, പോലീസ് സ്റ്റേഷനുകളിൽ വനിതാ സന്ദർശകർക്കായി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് സ്റ്റാൻഡേർഡിലേക്ക് ഉയർത്തുക തുടങ്ങിയ പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതു കൂടാതെ 36 പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ പുതുതായി നിർമ്മിക്കുന്നതിന് അനുമതിയും, പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആദ്യ ഗഡു ഫണ്ടും നൽകിയിട്ടുണ്ട്. |
| ബി) സ്വന്തമായി കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്ന് അറിയിക്കാമോ; | ബി) പോലീസ് വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| സി) | പാറശ്ശാല നിയോജക മണ്ഡലത്തിലെ മാരായമുട്ടം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടമില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാരായമുട്ടം പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭിക്കുന്ന മുറയ്ക്ക് പോലീസ് സ്റ്റേഷൻ നിർമ്മിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. കേരള ഖാദി ബോർഡിന്റെ കൈവശമുള്ള 27 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ